POLICE DEPARTMENT

KERALA

**No.H1-35787/2025/DR**
District Police Office,
Kozhikode Rural
✉spkkdrl.pol@kerala.gov.in
☏04962523031
Dated.10-06-2025


**DO No. 402/2025/DR**

Sub : അച്ചടക്ക നടപടി : -ശ്രീ സുരേഷ്.ടി (PEN 692228), സിവിൽ പോലീസ് ഓഫീസർ D 10492, കോടഞ്ചേരി പി.എസ്സ് എന്നവരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു കൊണ്ട് വാക്കലന്വേഷണം ഉത്തരവാകുന്നത് -സംബന്ധിച്ച്

Ref : 1) എസ്.എച്ച്.ഓ , നാദാപുരം പി.എസ് സമർപ്പിച്ച 09/06/2025 തിയ്യതിയിലെ റിപ്പോർട്ട്.
2) നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നം 536/2025 U/s 78(1) (i) BNS, 120(o) of KP Act

കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരുന്ന **ശ്രീ സുരേഷ്.ടി (PEN 692228), സിവിൽ പോലീസ് ഓഫീസർ D 10492** എന്നവർ ടിയാൻറെ അയൽവാസിയായ സ്ത്രീയെ അശ്ലീല ഭാഷയിൽ ഫോൺ വിളിച്ചും, അശ്ലീല മെസേജുകൾ അയച്ചും നിരന്തരം ശല്യം ചെയ്തതുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നം 536/2025 U/s 78(1) (i) BNS, 120(o) of KP Act ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്ന് സൂചന 1 പ്രകാരമുള്ള റിപ്പോർട്ട് പരിശോധിച്ചതിൽ വ്യക്തമായിട്ടുള്ളതാണ്. ഒരു പോലീസ് ഉദ്യോഗസ്ഥൻ പാലിക്കേണ്ട അച്ചടക്കവും, സ്വഭാവശുദ്ധിയും പാലിക്കുന്നതിൽ വീഴ്ച വരുത്തിയും, ഉത്തരവാദപ്പെട്ട ഒരു പോലീസ് ഉദ്യോഗസ്ഥന് നിരക്കാത്ത വിധം പോലീസ് സേനയുടെ അന്തസ്സിനും സൽപ്പേരിനും കളങ്കമുണ്ടാക്കുന്ന വിധത്തിൽ ക്രൈം കേസിൽ പ്രതിയായി ഉൾപ്പെടുകയും വഴി ടിയാൻ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതായും പ്രഥമദൃഷ്ട്യാ ബോദ്ധ്യമായിട്ടുള്ളതാണ്.

**മേൽ സാഹചര്യത്തിൽ ശ്രീ സുരേഷ്.ടി (PEN 692228),** സിവിൽ **പോലീസ് ഓഫീസർ D 10492, കോടഞ്ചേരി പി.എസ്സ്** എന്നവരെ **കെ.പി.ഡി.ഐ.പി** & എ ചട്ടം പ്രകാരം **അന്വേഷണവിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം സർവീസിൽ നിന്നും** സസ്പെൻറ് ചെയ്തു**കൊണ്ടും, ടിയാനെതിരെ ഒരു വാക്കാൽ അന്വേഷണം ആരംഭിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാന് അർഹതപ്പെട്ട ഉപജീവനപ്പടി ലഭിക്കുന്നതാണ്. ടിയാനെതിരെ** വിശദമായ **വാക്കാലന്വേഷണം നടത്തി പി.ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് പോലീസ് ഇൻസ്പെക്ടർ, തിരുവമ്പാടി പി.എസ്സിനെ ചുമതലപ്പെടുത്തുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ കുറ്റാരോപണ മെമ്മോ 15** ദിവസത്തിനകം **അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, പി.ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നതിനായി രണ്ടു മാസത്തിനകവും സമർപ്പിക്കേണ്ടതുമാണ്.**



10-06-2025
BAIJU K E IPS,
District Police Chief

To : ശ്രീ. സുരേഷ് CPO 10492 (PEN 692228) എന്നവർക്ക് എസ.എച്ച്.ഓ , കോടഞ്ചേരി പി.എസ്സ് മുഖേന.

Copy To : 1. എസ്.എച്ച്.ഒ , കോടഞ്ചേരി പോലീസ് സ്റ്റേഷൻ നടത്തിപ്പിനും തിയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും.
2. എസ്.എച്ച്.ഒ , തിരുവമ്പാടി പോലീസ് സ്റ്റേഷൻ- അനുബന്ധ രേഖകൾ സഹിതം അനന്തര നടപടികൾക്കായി
3. സംസ്ഥാന പോലീസ് മേധാവി, കേരളം അറിവിലേക്കായി.
4. ഡി.ഐ.ജി കണ്ണൂർ റേഞ്ച് അറിവിലേക്കായി.
5. എ 1 മുതൽ എ 5 (എ) വരെ, എഫ് 1 മുതൽ എഫ് 5 വരെ അറിവിലേക്കായി.
6. ഡി ഒ ഫയൽ

H1-35787/2025/DR
1e609b